**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2917** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഭൂജല വകുപ്പിലെ സി.എൽ.ആർ. തൊഴിലാളികളെ എസ്.എൽ.ആർ. ആക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഭൂജല വകുപ്പിൽ സി.എൽ.ആർ. തൊഴിലാളികളെ എസ്.എൽ.ആർ. ആക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | ഭൂജല വകുപ്പിൽ സി.എൽ.ആർ. തൊഴിലാളികളെ എസ്.എൽ.ആർ. ആക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. |
| (ബി) | സി.എൽ.ആർ. തൊഴിലാളികളെ എസ്.എൽ.ആർ. ആയി മാറ്റുന്നത് സംബന്ധിച്ച് ജി.ഡബ്ല്യൂ1/272/2022 നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | സർക്കാർ പരിശോധിച്ചു വരുന്നു. ഭൂജല വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | നിലവിലുള്ള സി.എൽ.ആർ. തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ പരിഗണനയിൽ ഇല്ല. |
| (ഡി) | സി.എൽ.ആർ. ജീവനക്കാരെ എസ്.എൽ.ആർ. വർക്കർ ആയി നിയോഗിക്കുന്നതിനുള്ള അർഹത പരിശോധിക്കുന്നതിനും ഇവരെ സ്കിൽഡ് വർക്കർ തസ്തികയിൽ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ഡി) | നിലവിൽ പരിഗണനയിൽ ഇല്ല. |
| (ഇ) | കുഴൽക്കിണർ നിർമ്മാണ സൈറ്റുകളിലും ഭൂജല സർവെ പ്രവർത്തനങ്ങൾക്കുമുള്ള സി.എൽ.ആർ. ജീവനക്കാരെ ജോലിയുടെ സ്വഭാവമനുസരിച്ച് എട്ട് മണിക്കൂർ ഷിഫ്റ്റ് സമയക്രമങ്ങളിലും ഓഫീസ് സമയക്രമങ്ങളിലും നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | കുഴൽക്കിണർ നിർമ്മാണ സൈറ്റുകളിലും ഭൂജല സർവെ പ്രവർത്തനങ്ങൾക്കുമുള്ള സി.എൽ.ആർ. ജീവനക്കാർക്ക് ഫീൽഡ് ജോലികളുടെ ആവശ്യകതയനുസരിച്ച് ഷിഫ്റ്റ് സമ്പ്രദായത്തിലുൾപ്പെടെ നിയോഗിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ